1. ഗവൺമെന്റ് ആശുപത്രി, നെടുമ്പന, കൊല്ലം ജില്ല.
2. സാമൂഹികാരോഗ്യ കേന്ദ്രം, നെടുങ്ങോലം (രാമറാവു ആശുപത്രി), കൊല്ലം.
3. പ്രാഥമികാരോഗ്യ കേന്ദ്രം, പാരിപ്പള്ളി, കൊല്ലം.
4. ഹരിപ്പാട് താലൂക്ക് ആശുപത്രി, ആലപ്പുഴ ജില്ല.
5. പ്രാഥമികാരോഗ്യ കേന്ദ്രം, പല്ലാരിമംഗലം, എറണാകുളം ജില്ല.
6. താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല.
7. സാമൂഹികാരോഗ്യ കേന്ദ്രം, താമരശ്ശേരി, കോഴിക്കോട്.
8. സാമൂഹികാരോഗ്യ കേന്ദ്രം, കുറ്റ്യാടി, കോഴിക്കോട്.
9. ഗവൺമെന്റ് ആശുപത്രി, മഞ്ചേശ്വരം, കാസർഗോഡ്.

മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മോർച്ചറി കെട്ടിടങ്ങൾ ഒന്നുംതന്നെ ഉദ്ഘാടനം ചെയ്യുവാനില്ല.

(ബി) 1988 മാർച്ചിൽ പണി പൂർത്തിയായി.

(സി) ഇവിടെ ആധുനിക സജ്ജീകരണങ്ങളും എംബാമിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നാണ് ഇതിനുള്ള ചെലവ് വഹിച്ചത്. 5.70 ലക്ഷം രൂപ ഇതിനായി ചെലവായി.

നിയോജകമണ്ഡലങ്ങളുടെ പുനർനിർണ്ണയം

*7 [387] ശ്രീ. കെ. എൻ. എ. ഖാദർ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ളി നിയോജക മണ്ഡലങ്ങളുടെ പുനർവിഭജനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസലിന്റെ കരട് ലഭ്യമാക്കാമോ; പുനർവിഭജനം അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് സാദ്ധ്യമാകുമോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 2001-ലെ സെൻസസ് പ്രകാരം നിയമസഭാമണ്ഡലങ്ങളുടെ പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ഡീലിമിറ്റേഷൻ കമ്മിഷൻ സ്വീകരിച്ചു വരികയാണ്. ഇത് അനുസരിച്ച് ഓരോ ജില്ലയിലും നിർണ്ണയിക്കേണ്ട നിയമസഭാ മണ്ഡലങ്ങളുടെ എണ്ണവും സംവരണ മണ്ഡലങ്ങൾ ഏത് ജില്ലകളിലാണ് വരേണ്ടത് എന്നത് സംബന്ധിച്ചും ഡീലിമിറ്റേഷൻ കമ്മിഷൻ 2 വർക്കിംഗ് പേപ്പറുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിയോജകമണ്ഡലങ്ങളുടെ പുനർനിർണ്ണയം സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നും സർക്കാർ സമർപ്പിച്ചിട്ടില്ല. പുനർനിർണ്ണയം സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നത് ഡീലിമിറ്റേഷൻ കമ്മിഷൻ ആയതിനാൽ ഇത് എപ്പോൾ പൂർത്തീകരിക്കുമെന്ന് കമ്മിഷൻ വെളിപ്പെടുത്തിയിട്ടില്ല.

ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗ് പ്രവർത്തനക്ഷമമാക്കാൻ നടപടി

*8 [388] ശ്രീ. എം. വി. ജയരാജൻ:

,, ടി. കെ. ബാലൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾക്കാണ് വിജിലൻസ് വിംഗ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പല ഡിപ്പാർട്ടുമെന്റിലേയും വിജിലൻസ് വിംഗ് പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ ഒരു ഭാഗം മാത്രമായി പ്രവർത്തിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗുകളുടെ പ്രവർത്തനം പരിശോധിക്കാൻ സർക്കാരിൽ നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ;

(ഇ) ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗുകൾ ശക്തിപ്പെടുത്തി പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ഒരു വിജിലൻസ് ആഫീസറുടെ നിയന്ത്രണത്തിലാണ്. വകുപ്പുതലത്തിൽ ലഭിക്കുന്ന പരാതികൾ അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ അഴിമതി ഉണ്ടെന്നു തെളിഞ്ഞാൽ മേൽനടപടികൾക്കായി സെക്രട്ടേറിയറ്റിലെ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കൈമാറുക എന്നതാണ് വിജിലൻസ് വിംഗിന്റെ ചുമതല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly